**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2066** **14-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവല്ല മണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവല്ല മണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷന്റെ പണികൾ പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | 22.06.2021-ലെ സ.ഉ (സാധാ) നം.1733/2021/ ആഭ്യന്തരം പ്രകാരം പുളിക്കീഴ് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് 295 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും നാളിതുവരെ 111 ലക്ഷം രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നൽകിയിട്ടുള്ളതുമാണ്. ടി തുകയിൽ 61 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കി 50 ലക്ഷം രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കൈവശം ഉള്ളതുമാണ്. നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് പത്തനംതിട്ട പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കെട്ടിടത്തിന്റെ ഒരു നില പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് ആകെ 1,25,00,000/- രൂപ വരുമെന്നും ഇതിൽ 50 ലക്ഷം രൂപ ഡെപ്പോസിറ്റ് ആയിട്ടുണ്ട് എന്നും ബാക്കി 75 ലക്ഷം രൂപ കൂടി ലഭിച്ചാൽ മാത്രമേ കെട്ടിടത്തിന്റെ ഒരു നിലയെങ്കിലും പൂർത്തിയാക്കി പോലീസ് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂ എന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നിലവിൽ പുളിക്കീഴ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച 295 ലക്ഷം രൂപയിൽ, ബാക്കി തുകയായ 184 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ